പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 459 **13-10-2026-ൽ മറുപടിയ്ക്ക്**

നെട്ടുകാൽത്തേരി തുറന്ന ജയിൽ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. കെ. ഹരീന്ദ്രൻ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) പാറശ്ശാല മണ്ഡലത്തിലെ നെട്ടുകാൽത്തേരിയിൽ നിലവിലുള്ള തുറന്ന ജയിലിന് പുറമെ പുതിയ ജയിൽ നിർമ്മിക്കുന്നതിന് ജയിൽ വകുപ്പിന്റെ പരിഗണനയിൽ ഏതെങ്കിലും പ്രൊപ്പോസൽ നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

മറുപടി: തടവുകാരുടെ ബാഹുല്യം മൂലം നിലവിലുള്ള ജയിലുകളുടെ സുരക്ഷയെയും പ്രവർത്തനത്തെയും ബാധിക്കുന്ന സാഹചര്യത്തിൽ, നെട്ടുകാൽത്തേരി ഓപ്പൺ പ്രിസണിനോട് അനുബന്ധിച്ചുള്ള സ്ഥലത്ത് പുതിയ സെൻട്രൽ ജയിൽ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) പാറശ്ശാല-കാസർഗോഡ് മലയോര ഹൈവേയുടെ സമീപത്തായി സ്ഥിതിചെയ്യുന്ന നെട്ടുകാൽത്തേരി തുറന്ന ജയിൽ പ്രദേശത്ത് ജയിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പെട്രോൾ പമ്പ് സ്ഥാപിക്കുന്നതിന് ഏതെങ്കിലും പ്രൊപ്പോസൽ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതിയും വിശദാംശവും വ്യക്തമാക്കാമോ;

മറുപടി: ഇല്ല.

(സി) നെട്ടുകാൽത്തേരി തുറന്ന ജയിലിന്റെ അധീനതയിൽ നിലവിൽ ആകെ എത്ര ഏക്കർ ഭൂമിയാണുള്ളതെന്നും പ്രസ്തുത ഭൂമിയുടെ സർവേ നമ്പർ, വിസ്തീർണ്ണം എന്നിവ ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ;

മറുപടി: നെട്ടുകാൽത്തേരി തുറന്ന ജയിലിന്റെ അധീനതയിൽ കാട്ടാക്കട താലൂക്കിൽ കള്ളിക്കാട് വില്ലേജിൽ ബ്ലോക്ക് 31 ൽ റീസർവേ നമ്പർ 45/1 ൽ 99.7930 ഹെക്ടർ (246.48 ഏക്കർ), റീസർവേ നമ്പർ 66 ൽ 106.6610 ഹെക്ടർ (263.45 ഏക്കർ) ഉൾപ്പെടെ ആകെ 206.45 ഹെക്ടർ (509 ഏക്കർ) ഭൂമി ബി.റ്റി.ആർ പ്രകാരം നിലവിലുള്ളതായി കാണുന്നു. എന്നാൽ ബ്രഹ്മോസ് എയ്റോ സ്പേസ് ലിമിറ്റഡിന് ഭൂമി കൈമാറുന്നതിന് വേണ്ടി ബ്ലോക്ക് 31 ൽ റീസർവേ നമ്പർ 66 ൽ ഉൾപ്പെട്ട ഭൂമി താലൂക്ക് സർവേയർ സർവേ ചെയ്തതിൽ 98.0286 ഹെക്ടർ (242 ഏക്കർ) വിസ്തീർണം മാത്രമേ നിലവിലുള്ളൂ.

(ഡി) നെട്ടുകാൽത്തേരി തുറന്ന ജയിലിന്റെ അധീനതയിലുള്ള ഭൂമിയിൽനിന്ന് ഏതെങ്കിലും സർക്കാർ വകുപ്പുകൾക്കോ മറ്റ് പൊതു ആവശ്യങ്ങൾക്കോ വേണ്ടി ഭൂമി കൈമാറി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ

എത്ര ഭൂമി, ഏത് വകുപ്പിന്/ആവശ്യത്തിന്, ഏത് കാലയളവിൽ കൈമാറിയെന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ?

<u>മറുപടി:</u> i) 04/02/2001 ലെ സ.ഉ (കൈ) നം. 26/2001/Rev നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 04.8564 ഹെക്ടർ (12 ഏക്കർ) ഭൂമി കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയൻ കിക് മാ കോളേജിന് റീസർവേ നമ്പർ 45/1 ൽ നിന്നും പതിച്ച് നൽകിയിട്ടുള്ളതാണ്.

ii) തിരുവനന്തപുരം ജില്ലാ കളക്ടറുടെ 01/03/2025 ലെ B2/220610/2019 നമ്പർ ഉത്തരവ് പ്രകാരം FSTP (Faecal Sludge Treatment Plant) സ്ഥാപിക്കുന്നതിന് ജില്ലാ ശുചിത്വ മിഷന് റീസർവേ നമ്പർ 45/1 ൽ നിന്നും 20.24 ആർ (50 സെന്റ്) ഭൂമിക്ക് ഉപയോഗാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

iii) കാട്ടാക്കട താലൂക്കിൽ കള്ളിക്കാട് വില്ലേജിൽ ബ്ലോക്ക് 31 ൽ റീസർവെ 45/1 ൽപ്പെട്ട 6.4749 ഹെക്ടർ (16 ഏക്കർ) ഭൂമി വെറ്റിനറി & ഡയറി സയൻസ് സർവ്വകലാശാലയുടെ ഡയറി സയൻസ് കോളേജിന്റെ കെട്ടിട നിർമ്മാണത്തിനും, ക്ഷീരവികസന വകുപ്പിന് പുൽക്കൃഷിക്കുമായി സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്ക് വിധേയമായി ക്ഷീരവികസനവകുപ്പിന് കൈമാറി നൽകുന്നതിന് 17/02/2026 ലെ സ.ഉ (കൈ) 78/2026/റവ പ്രകാരം സർക്കാർ ഉത്തരവ് ആയിരുന്നതും, ഭൂമി 14/09/2026 ന് കൈമാറി നൽകിയിട്ടുള്ളതുമാണ്.

iv) 05/03/2026 ലെ സ.ഉ (കൈ) 107/2026/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 72.8460 ഹെക്ടർ (180 ഏക്കർ) ഭൂമി, ബ്രഹ്മോസ് എയ്റോ സ്പേസ് ടിവാൻഡ്രം ലിമിറ്റഡിന് റീസർവേ നമ്പർ 66 ൽ നിന്നും കൈമാറി നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. ആയതിനുള്ള സർവ്വെ നടപടികൾ പുരോഗമിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ